ഓച്ചിറ കുടിവെള്ള പദ്ധതി

79 [3333] *ശ്രീ. എ. എൻ. രാജൻബാബു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓച്ചിറ കുടിവെള്ള പദ്ധതിയുടെ നിർമ്മാണോദ്ഘാടനം നിർവ്വഹിച്ചതിന് ശേഷം ഈ പദ്ധതിയുമായി ബന്ധപ്പെട്ട് എന്തൊക്കെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പദ്ധതിയുടെ ഭാഗമായി എത്ര ടാങ്കുകളുടെ നിർമ്മാണം പൂർത്തിയായി;

(സി) ഇനി ഏതൊക്കെ ടാങ്കുകളുടെ നിർമ്മാണമാണ് പൂർത്തിയാകാനുള്ളതെന്നും അത് എത്ര സമയത്തിനുള്ളിൽ പൂർത്തിയാകുമെന്നും വെളിപ്പെടുത്താമോ;

(ഡി) ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ ഉണ്ടായിട്ടുള്ള കാലതാമസം ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മാവേലിക്കര കണ്ടിയൂർ കടവിലെ 9 മീറ്റർ വ്യാസമുള്ള ഇൻടേക്ക് വെൽ കം പമ്പ് ഹൗസിന്റെ പണി 65% പൂർത്തീകരിച്ചു. ഓച്ചിറ മുതൽ തെക്കോട്ട് 600 എം. എം. എ. സി. ക്ലാസ് 10 പൈപ്പ് (0 മുതൽ 1547 വരെ) സ്ഥാപിക്കുന്ന പണി 70% പൂർത്തിയായി. ഇതിന്റെ രണ്ടാമത്തെ റീച്ച് 1335 മീറ്റർ വർക്ക് ടെന്റർ ചെയ്തു. ഓച്ചിറയിലെ 15 എം. എൽ. ഡി. ട്രീറ്റ് പ്ലാന്റിന്റെ ടെന്റർ സർക്കാരിന്റെ പരിഗണനയിലാണ്. 12.17 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല ടാങ്ക് ഓച്ചിറയിൽ നിർമ്മിക്കുന്നതിനുള്ള ടെന്ററിന് അംഗീകാരം നൽകിയിട്ടുണ്ട്. ക്ലാപ്പനയിലെ 5.40 ലക്ഷം ലിറ്റർ ശേഷിയുള്ള ഉപരിതല ടാങ്കിന്റെ പണി ടെന്റർ ചെയ്ത് അനന്തരനടപടി സ്വീകരിച്ചുവരുന്നു. ചങ്ങൻകുളങ്ങര മുതൽ കരുനാഗപ്പള്ളിവരെയുള്ള ട്രാൻസ്മിഷൻ മെയിനിന്റെ ഭാഗമായ 4500 മീറ്റർ നീളത്തിൽ ആദ്യത്തെ റീച്ച് 400 എം. എം. എ. സി. ക്ലാസ് 15 പൈപ്പ് ഇടുന്ന പണി ടെന്റർ ചെയ്തു. ഇതിന്റെ രണ്ടാമത്തെ റീച്ച് 2300 മീറ്റർ നീളത്തിൽ 400 എം. എം. എ. സി. ക്ലാസ് 10 പൈപ്പ് ഇടുന്ന പണി തുടങ്ങി. കരുനാഗപ്പള്ളിയിൽ 4.34 ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂതല സംഭരണിയുടെ പണി പൂർണ്ണമായും, 14.20 ലക്ഷം ലിറ്റർ ശേഷിയുള്ള ഉപരിതല സംഭരണിയുടെ പണി 60% വും പൂർത്തീകരിച്ചു. താച്ചയിൽമുക്കിൽനിന്നും പണിയൂർക്കടവ് വരെയുള്ള 400 എം. എം. എ. സി. പൈപ്പ്ലൈൻ (ട്രാൻസ്മിഷൻ മെയിൻ)-ന്റെ പണിക്ക് പി. ഡബ്ല്യു. ഡി. റോഡ് മുറിക്കാനുള്ള അനുമതി ലഭിച്ചാലുടൻ ആരംഭിക്കും.

(ബി) കരുനാഗപ്പള്ളിയിൽ 4.34 ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂതല സംഭരണിയുടെ പണി പൂർത്തിയായി.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഓച്ചിറ, ക്ലാപ്പന, കരുനാഗപ്പള്ളി, ആലപ്പാട് എന്നീ ഉപരിതല ടാങ്കുകളുടെ പണി പൂർത്തിയാകാനുണ്ട്. ഇവ 2006 നവംബറോടുകൂടി പൂർത്തീകരിക്കാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു.

(ഡി) ഈ പദ്ധതി എ. ഡി. ബി. സഹായത്തോടെ നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇത് 2006 ഡിസംബർ മാസത്തോടുകൂടി കമ്മീഷൻ ചെയ്യാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു.

കുടിവെള്ള പദ്ധതിക്ക് അനുമതി

80 [3334] *ശ്രീ. ചെർക്കളം അബ്ദുള്ള:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുമ്പള പഞ്ചായത്തിലെ ആരിക്കാടി കടവത്ത് ഡിസാലിനേഷൻ കുടിവെള്ള പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര തുകയ്ക്കാണ് അനുമതി നൽകിയതെന്നറിയിക്കാമോ?

ഉത്തരം

(എ) ജലവിഭവ വകുപ്പ് അനുമതി നൽകിയിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

മത്സ്യത്തൊഴിലാളി മേഖലയ്ക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിന് നടപടി

81 [3335] *ശ്രീ. ചെർക്കളം അബ്ദുള്ള:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം, ഹൊസ്ബെട്ട, കടപ്പുറം, ബങ്കര, മഞ്ചേശ്വരം മത്സ്യത്തൊഴിലാളി മേഖലയ്ക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചു;

(ബി) എത്ര തുകയാണ് ഈ പദ്ധതിക്ക് മതിപ്പ് ചെലവ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ പ്രദേശങ്ങളിൽ ജലവിഭവ വകുപ്പ് ഇപ്പോൾ കുടിവെള്ള പദ്ധതികളൊന്നും നടപ്പിലാക്കുന്നില്ല. പത്താം ധനകാര്യ കമ്മീഷന്റെ ധനസഹായത്തോടെ ബങ്കര-മഞ്ചേശ്വരം, മഞ്ചേശ്വരം-ഹോസ്ബെട്ട് കടപ്പുറം എന്നീ സ്ഥലങ്ങളിൽ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിനായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്

LIBRARY ARCHIVES Kerala Legislative Assembly